**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 127** **22-06-2026-ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് കീഴിൽ കഴകം ജോലി ചെയ്യുന്നവരുടെ വേതനം പരിഷ്കരിക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽ കഴകം ജോലി ചെയ്യുന്നവരുടെ നാമമാത്രമായ വേതനം പരിഷ്കരിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** സംസ്ഥാന സർക്കാർ ജീവനക്കാർക്കായി ഔദ്യോഗികമായി ശമ്പള പരിഷ്കരണം പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന അവസരത്തിൽ സമാന്തരമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് യോഗം കൂടുകയും സർക്കാർ ഉത്തരവിന്റെ മാതൃകയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് വേതന പരിഷ്കരണം ബാധകമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കഴകം ജീവനക്കാർക്കും വേതനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൽ ക്ഷേത്രജീവനക്കാർക്ക് ശമ്പളപരിഷ്കരണം കാലാനുസൃതമായ വർദ്ധനവോടെ നടപ്പിലാക്കി വരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം പരിഷ്കരിച്ച ശമ്പളം കഴകം ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്നുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിലെ കഴക പ്രവൃത്തി നിശ്ചിത കുടുംബങ്ങളുടെ പാരമ്പര്യ അവകാശ പ്രവൃത്തിയാണ്. പ്രതിമാസ ശമ്പളത്തിൽ നിയമിക്കപ്പെട്ടവരല്ല. ഇവർക്ക് വഴിപാട് സംബന്ധിച്ച പ്രവൃത്തികൾക്ക് മികച്ച വഴിപാട് കൂറ് വിഹിതം (ഷെയർ) അനുവദിച്ച് വരുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ കഴക പ്രവൃത്തി ചെയ്യുന്നവരുടെ വേതനം സർക്കാർ ശമ്പളപരിഷ്കരണ ഉത്തരവുകളെ അടിസ്ഥാനമാക്കിയും സർക്കാർ സ്കെയിലുകൾ പ്രകാരവും നൽകുന്നുണ്ട്.

**(ബി)** നിലവിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ പൂവിന് വളരെ തുച്ഛമായ തുക മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ കഴകക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടും വലിയ നഷ്ടവും ഒഴിവാക്കുന്നതിനായി പൂവിന്റെ വില പുതുക്കി നിശ്ചയിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പൂവിനായി പ്രത്യേകം തുകയൊന്നും കഴകക്കാർക്ക് നിശ്ചയിച്ചു നൽകിയിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ ഈ വിഷയം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപേക്ഷയിൽ ദേവസ്വം ബോർഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനക്കുറവുള്ള ക്ഷേത്രങ്ങളിലെ കഴക ജീവനക്കാർക്ക് പൂജാ പുഷ്പങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി പ്രതിമാസം 500 രൂപ പ്രത്യേക സർവ്വീസ് അലവൻസ് ആയി അനുവദിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ഭരണസമിതി കഴകക്കാരുടെ ആവശ്യങ്ങൾ യഥാസമയം പരിഗണിച്ച് കാലാനുസൃതമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കി വരുന്നുണ്ട്.

കൂടൽമാണിക്യം ക്ഷേത്രത്തിൽ പൂജക്കും മാല കെട്ടുന്നതിനും ആവശ്യമായ പുഷ്പങ്ങൾ ദേവസ്വം നേരിട്ട് വാങ്ങിയാണ് കഴകക്കാർക്ക് നൽകുന്നത്.

**സെക്ഷൻ ഓഫീസർ**